LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ ആരോഗ്യപ്രശ്നങ്ങൾ

95 (760) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാത്തവിധമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സാഹചര്യത്തിലാണ് തൊഴിലാളികൾ താമസിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മോശം സാഹചര്യത്തിലുള്ള പ്രസ്തുത ക്യാമ്പുകളുടെ പ്രവർത്തനം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാലിന്യസംസ്കരണത്തിന് സംവിധാനമില്ലാത്തതും കക്കൂസ് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും സാഹചര്യമില്ലാത്ത ക്യാമ്പുകളുടെ പ്രവർത്തനംമൂലം പൊതുജനങ്ങൾക്കും തൊഴിലാളികൾക്കുമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാനതൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പാക്കുന്നതിന് പരിശോധനയും പൊതുജനാരോഗ്യ നിയമപ്രകാരം നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനവ്യാപകമായി രണ്ട് പ്രാവശ്യം ഇത്തരം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിരുന്നു. തൊഴിൽ, പോലീസ് എന്നീ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണം ഈ കാര്യത്തിൽ ലഭിച്ചിരുന്നു.

സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ്

96 (761) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ ആവശ്യത്തിന് മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കഴിയാതിരിക്കുന്നതിന്റെ പ്രമുഖ കാരണം വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ മുൻകൈയെടുത്ത് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ തീരുമാനം എടുത്ത സാഹചര്യം വിശദമാക്കാമോ ;

(സി) പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന സർക്കാർ, സഹകരണ മേഖലയിൽ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കുന്നത് ; എന്തുകൊണ്ടാണ് ;

(ഡി) സഹകരണ മേഖലയിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളാണ് ഏറ്റെടുക്കാൻ സർക്കാർ തത്വത്തിൽ തീരുമാനം എടുത്തിരിക്കുന്നത് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ആവശ്യത്തിന് മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഹരിപ്പാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജ് മാത്രമാണ് ഇപ്രകാരം സ്ഥാപിക്കുന്നത്. നിലവിലെ സാമ്പത്തിക പരിമിതികൾ കാരണമാണ് പ്രസ്തുത തീരുമാനമെടുത്തത്.

(സി) കൊച്ചിയിൽ കേപ്പിന്റെകീഴിലുള്ള സഹകരണ മെഡിക്കൽ കോളേജാണ് സർക്കാർ ഏറ്റെടുത്തത്. പൊതുതാല്പര്യം പരിഗണിച്ചാണ് അത് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചത്.

(ഡി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു.

സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

97 (762) ശ്രീമതി കെ.എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി വീണ്ടും കൂടിവരുന്നതും പന്നിപ്പനി, കുരങ്ങുപനി (പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ), പക്ഷിപ്പനി തുടങ്ങിയവയും കൂടിവരുന്നതും പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly